(സി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് പട്ടയം കൊടുക്കാനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്;

(ഡി) ഇടുക്കിയിൽ എത്ര പേർക്ക് കൈവശരേഖ നൽകി എന്നറിയി ക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ ഇടുക്കി ജില്ലയിൽ 22612 പേർക്ക് പട്ടയം ലഭിക്കാനർഹതയുള്ള അപേക്ഷകൾ തീർപ്പാക്കാനു ണ്ടായിരുന്നു.

(ബി) അതിൽ 1435 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) ബാക്കിയുള്ള അപേക്ഷകളിൽ അർഹതപ്പെട്ടവർക്ക് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

(ഡി) ഇടുക്കിയിൽ 2407 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

വ്യാജപട്ടയങ്ങളെക്കുറിച്ച് അന്വേഷണം

98 [2164] ശ്രീമതി രാധാരാഘവൻ:
ശ്രീ. ജി. കാർത്തികേയൻ:
,, ലൂഡി ലൂയിസ്:
,, കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതെല്ലാം വില്ലേജുകളിലാണ് വ്യാപകമായി വ്യാജ പട്ടയം നിലവിലുള്ളത്;

(ബി) വ്യാജ പട്ടയം സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടെങ്കിൽ ആരാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്;

(സി) ഈ അന്വേഷണത്തിൽ ഇതുവരെ ലഭിച്ച വിവരങ്ങളെന്തെല്ലാം?

ഉത്തരം

(എ) വാഗമൺ, കെ.ഡി.എച്ച്, ഇടുക്കി എന്നീ വില്ലേജുകളിലാണ് വ്യാജ പട്ടയം നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.ഡി.എച്ച്. വില്ലേജിലെ വ്യാജ പട്ടയങ്ങളെക്കുറിച്ച് സർവ്വേ ഡയറക്ടർ, ലാന്റ് ബോർഡ് സെക്രട്ടറി, മുഖ്യവനപാലകൻ (പ്രൊട്ടക്ഷൻ) എന്നിവർ അംഗങ്ങളായ എക്സ്പെർട്ട് കമ്മിറ്റിയും വാഗമൺ വില്ലേജിലെ വ്യാജ പട്ടയ പരിശോധന സർക്കാർ തലത്തിൽ നിശ്ചയിച്ച ഹൈലവൽ കമ്മിറ്റിയും ഇടുക്കി വില്ലേജിലെ വ്യാജ പട്ടയത്തെപ്പറ്റി ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറുമാണ് അന്വേഷണം നടത്തുന്നത്.

(സി) കെ.ഡി.എച്ച്., വാഗമൺ എന്നീ വില്ലേജുകളിലെ അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിന് സർക്കാർ നിയോഗിച്ച കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇടുക്കി വില്ലേജിലെ വ്യാജ പട്ടയത്തെപ്പറ്റി ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസർ നടത്തിയ അന്വേഷണത്തിൽ ഉദ്യോഗസ്ഥരും പൊതുജനങ്ങളും ഉൾപ്പെട്ട ഒരു റാക്കറ്റ് പ്രവർത്തിച്ചുവരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പാട്ടക്കരാർ ലംഘിച്ചാൽ ഭൂമി തിരിച്ചെടുക്കാൻ നടപടി

99 [2165] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ മാങ്കോട് രാധാകൃഷ്ണൻ:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായി പാട്ട വ്യവസ്ഥ പ്രകാരം കൊടുത്തിട്ടുള്ള ഭൂമി തിരിച്ചെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ ഈ ഭൂമി തിരിച്ചെടുക്കാൻ സർക്കാരിന് അധികാരമുണ്ടോ; ഉണ്ടെങ്കിൽ വ്യവസ്ഥകൾ ലംഘിച്ച ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വ്യവസ്ഥകൾ ലംഘിച്ച് ഭൂമി കൈമാറ്റം ചെയ്യുകയും വിൽപ്പന നടത്തുകയും ചെയ്യുന്നതായിട്ടുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥലങ്ങളെ സംബന്ധിച്ചാണ് പരാതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നഗരഹൃദയങ്ങളിൽ വിലപിടിപ്പുള്ള ഭൂമി തുച്ഛമായ പാട്ടം നൽകി കൈക്കലാക്കിയ പല സ്ഥാപനങ്ങളും ഇവിടങ്ങളിൽ വലിയ കച്ചവടം നടത്തി ലാഭം കൊയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly